പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 75

03/12/2014-ൽ മറുപടിയ്ക്ക്

**ശ്രീ പത്മനാഭസ്വാമി ക്ഷേത്ര ഭരണം**

ചോദ്യം

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
ശ്രീ. ഇ.പി. ജയരാജൻ
ശ്രീ. ബി. സത്യൻ
ശ്രീ. പി.കെ. ഗുരുദാസൻ

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി.

എ) ശ്രീ പത്മനാഭ സ്വാമി ക്ഷേത്ര ഭരണം സർക്കാർ ഏറ്റെടുക്കണമെന്ന 2011 -ലെ ഹൈക്കോടതി ഉത്തരവ് നടപ്പാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

എ) ശ്രീ പത്മനാഭസ്വാമി ക്ഷേത്ര ഭരണം സർക്കാർ ഏറ്റെടുക്കണമെന്ന് ബഹു. ഹൈക്കോടതി വിധി പുറപ്പെടുവിച്ചത് 2011 ജനുവരി 31 നാണ്. ക്ഷേത്ര ഭരണത്തിനായി ഒരു ട്രസ്റ്റോ അല്ലെങ്കിൽ നിയമപരമായ സംവിധാനമോ മൂന്നു മാസങ്ങൾക്കുള്ളിൽ ഏർപ്പെടുത്തണമെന്നായിരുന്നു കോടതി വിധി. എന്നാൽ ശ്രീ ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ 2011 ഏപ്രിൽ മാസത്തിൽ ഹൈക്കോടതി വിധിക്കെതിരെ സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുകയും ക്ഷേത്ര ഭരണം ഏറ്റെടുക്കണമെന്ന ഹൈക്കോടതി ഉത്തരവ് ബഹു. സുപ്രീം കോടതി സ്റ്റേ ചെയ്യുകയുമുണ്ടായി. പ്രസ്തുത സ്റ്റേ ഇപ്പോഴും നിലനിൽക്കുകയാണ്. അതിനാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

ബി) ശ്രീ പത്മാനഭ സ്വാമി ക്ഷേത്രത്തിന്റെ ഭരണം ഏറ്റെടുക്കാൻ തയ്യാറാണെന്ന് സുപ്രീം കോടതിയെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ നിലപാട് മാറ്റത്തിന്റെ കാരണം വ്യക്തമാക്കുമോ; നിർദ്ദിഷ്ട ഭരണ സംവിധാനത്തിൽ ക്ഷേത്ര സ്വത്ത് കൈകാര്യം ചെയ്യുന്നതിനും നിധി സൂക്ഷിക്കുന്നതിനും അവലംബിക്കുന്ന രീതി എന്താണെന്ന് വിശദമാക്കാമോ;

ബി) ശ്രീ പത്മനാഭസ്വാമി ക്ഷേത്ര ഭരണം ഗുരുവായൂർ ക്ഷേത്ര ഭരണത്തിന്റെ മാതൃകയിൽ നടപ്പിലാക്കാവുന്നതാണെന്നും ഇതിനായി നിയമ നിർമ്മാണം നടത്താമെന്നും സർക്കാർ ബഹു. സുപ്രീം കോടതിയിൽ സത്യവാങ്മൂലം നൽകിയിട്ടുണ്ട്. ക്ഷേത്രഭരണം സംബന്ധിച്ച ഹൈക്കോടതി വിധിയെ സർക്കാർ സുപ്രീം കോടതിയിൽ എതിർത്തിട്ടില്ല. അതിനാൽ നിലപാട് മാറ്റത്തിന്റെ പ്രശ്നമില്ല. ക്ഷേത്രസ്വത്ത് കൈകാര്യം ചെയ്യുന്ന കാര്യം അപ്രകാരം നിയമിക്കപ്പെടുന്ന ഭരണ സമിതി ഉചിതമായി തീരുമാനിക്കുന്നതാണ്. ഇക്കാര്യത്തിൽ ബഹു. സുപ്രീം കോടതിയുടെ അന്തിമവിധിയ്ക്ക് അനുസൃതമായി സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

സി) സർക്കാരും മുൻ രാജ കുടുംബവും തമ്മിൽ ഒത്തുകളിക്കുകയാണെന്ന അമിക്കസ്ക്യൂറി റിപ്പോർട്ടിലെ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഇതിന്മേൽ നിലപാട് വ്യക്തമാക്കുമോ?

സി) ക്ഷേത്ര ഭരണ കാര്യങ്ങളെപ്പറ്റിയും മറ്റ് ബന്ധപ്പെട്ട വിഷയങ്ങളെ സംബന്ധിച്ചും പഠിച്ച് റിപ്പോർട്ട് നൽകുവാൻ ഒരു അമിക്കസ്ക്യൂറിയെ ബഹു. സുപ്രീം കോടതി നിയമിച്ചിരുന്നു. അമിക്കസ്ക്യൂറി റിപ്പോർട്ട് ബഹു. സുപ്രീംകോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് കോടതിയുടെ പരിഗണനയിലാണ്. അമിക്കസ്ക്യൂറിയുടെ ആക്ഷേപം തികച്ചും അടിസ്ഥാനരഹിതമാണെന്ന് കോടതിയെ അറിയിച്ചിട്ടുണ്ട്. ഈ സർക്കാരും രാജകുടുംബവുമായി ഒത്തുകളിച്ചതായി ബഹു. സുപ്രീം കോടതി ഇതുവരെ പരാമർശിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ